**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **12-02-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഇ-സർവീസസ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഇ-സർവീസസ് പോർട്ടൽ വഴി ആധാറും തണ്ടപ്പേരും തമ്മിൽ ബന്ധിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകൾ കൃത്യമായി പ്രോസസ്സ് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ; | (എ) | തടസ്സങ്ങളൊന്നും തന്നെ ഇല്ല. |
| (ബി) | തണ്ടപ്പേരിൽ ഒന്നിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഒരാളുടെ പേരിൽ മാത്രമായി ആധാറും തണ്ടപ്പേരും ബന്ധിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കണമെന്ന് റവന്യൂ ഇ-സർവീസസ് പോർട്ടൽ വെബ്സൈറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (ബി) | കൂട്ടവകാശമുള്ള ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള അവകാശികൾ എല്ലാവരും ആധാറും തണ്ടപ്പേരും ബന്ധിപ്പിക്കുന്നതിന് പ്രത്യേകം പ്രത്യേകം നടപടികൾ സ്വീകരിക്കേണ്ടതിനാൽ "കൂട്ടവകാശമുള്ള ഭൂമിയിൽ സ്വന്തം പേരു മാത്രം തിരഞ്ഞെടുക്കേണ്ടതാണ്" എന്ന വ്യവസ്ഥ റവന്യൂ ഇ-സർവ്വീസസ് പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തണ്ടപ്പേരിൽ ഒന്നിൽ കൂടുതൽ പേർ ഉൾപ്പെടുകയും ഒരാളുടെ പേരിൽ മാത്രമായി ആധാറും തണ്ടപ്പേരും ബന്ധിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്താൽ പ്രസ്തുത അപേക്ഷ നിരസിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ? | (സി) | തണ്ടപ്പേരിൽ ഒന്നിൽ കൂടുതൽ പേർ ഉൾപ്പെടുകയും ഒരാളുടെ പേരിൽ മാത്രമായി ആധാറും തണ്ടപ്പേരും ബന്ധിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിയ്ക്കുകയും ചെയ്താൽ Aadhar Data Vault ൽ സൂക്ഷിച്ചിട്ടുള്ള അപേക്ഷകന്റെ ഫോട്ടോ ഉൾപ്പെടെയുള്ള ഡെമോഗ്രാഫിക് വിവരങ്ങൾ തണ്ടപ്പേരുമായി ഒത്തുനോക്കി അംഗീകരിക്കുന്ന മുറയ്ക്ക് തണ്ടപ്പേർ അപേക്ഷകന്റെ ആധാറുമായി ബന്ധിപ്പിക്കുന്നു. കൂട്ടതണ്ടപ്പേർ കക്ഷികളിൽ ഒരാൾ മാത്രം അപേക്ഷിച്ച എന്ന കാരണത്താൽ നിലവിൽ അപേക്ഷ നിരസിക്കുന്നില്ല. എന്നാൽ കൂട്ടവകാശമുള്ള ഭൂമിയിൽ എല്ലാവരുടേയും ആധാർ ബന്ധിപ്പിച്ചാൽ മാത്രമേ യുണീക്ക് തണ്ടപ്പേർ അനുവദിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ